**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4943** 14.11.2019-ലെ മറുപടിക്ക്

**'ലാന്റ് റവന്യൂ ബോർഡ് ജില്ലാതല കമ്മിറ്റികൾ'**

**ചോദ്യം** **മറുപടി**

**ശ്രീ.എൻ.എ.നെല്ലിക്കുന്ന്** **ശ്രീ.ഇ.ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ലാന്റ് റവന്യൂ ബോർഡിന്റെ ഘടനയും പ്രവർത്തനവും എന്താണെന്ന് വിശദീകരിക്കാമോ; | (എ) യും (ബി) യും | ലാൻഡ് റവന്യൂ ബോർഡ് എന്നൊരു ബോർഡ് നിലവിലില്ല. കേരള ഭൂപരിഷ്കരണ നിയമവുമായി ബന്ധപ്പെട്ട് വകുപ്പ് 100(1) പ്രകാരം സ്റ്റേറ്റ് ലാൻഡ് ബോർഡ്, 100(എ) പ്രകാരം താലൂക്ക് ലാൻഡ് ബോർഡുകൾ, 100(ഡി) പ്രകാരം ലാൻഡ് റിഫോംസ് റിവ്യൂബോർഡ് എന്നിവ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന തലത്തിൽ ഒരു ലാൻഡ് ബോർഡും ഒരു ലാൻഡ് റിഫോംസ് റിവ്യൂബോർഡ്, 75 താലൂക്ക് ലാൻഡ് ബോർഡുകളുമാണ് നിലവിലുള്ളത്. |
| (ബി) | പ്രസ്തുത ബോർഡുമായി ബന്ധപ്പെട്ട കമ്മിറ്റികൾ എല്ലാ ജില്ലകളിലും നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ; | | |
| (സി) | ജില്ലാതല കമ്മിറ്റിയുടെ രൂപവൽക്കരണത്തിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (സി) യും (ഡി) യും | കേരള ഭൂപരിഷ്കരണ നിയമം വകുപ്പ് 81(3) ൽ പ്രകാരമുള്ള ഒഴിവിനായി സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ നിലവിലെ നിയമത്തിന്റെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ വിശദ പരിശോധന നടത്തി അർഹമായ കേസുകൾ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനായി എല്ലാ ജില്ലകളിലും 03/05/2012-ലെ ജി.ഒ.(ആർ.റ്റി) 2544/2012/ആർ.ഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ജില്ലാകലക്ടർ ചെയർമാനായി ജില്ലാതല കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ പ്രസ്തുത ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. |
| (ഡി) | ജില്ലാതല കമ്മിറ്റികളുടെ ചുമതലകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**